**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 990** **27-07-2021 - ൽ മറുപടിയ്ക്ക്**

**ഗുണമേന്മയുള്ള വിത്തിനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഗുണമേന്മയുള്ള വിത്തിനങ്ങൾ സമയബന്ധിതമായി കർഷകർക്ക് നൽകാൻ കുറ്റമറ്റ സംവിധാനം നിലവിലുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | അത്യുൽപ്പാദന ശേഷിയുള്ള നെൽവിത്തിനങ്ങൾ പാടശേഖരസമിതികൾ/വ്യക്തിഗത കർഷകർ എന്നിവർ രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി പ്രകാരം ഉത്പാദിപ്പിക്കുന്നു. ആയത്, സംസ്ഥാന വിത്തു പരിശോധനാ ലാബിൽ പരിശോധന നടത്തി ഗുണമേൻമ ഉറപ്പ് വരുത്തിയ ശേഷം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കൃഷി അഡീഷണൽ ഡയറക്ടർ (സി.പി.)-യുടെ അന്തിമാനുമതിക്ക് വിധേയമായി കർഷകരിൽ നിന്നും സംഭരിച്ച് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന വിതരണം നടത്തി വരുന്നു. ഇതിനു പുറമെ അംഗീകൃത ഏജൻസികളായ നാഷണൽ സീഡ്സ് കോർപ്പറേഷൻ, കർണ്ണാടക സംസ്ഥാന വിത്ത് കോർപ്പറേഷൻ, ആന്ധ്രാപ്രദേശ് സംസ്ഥാന വിത്ത് കോർപ്പറേഷൻ, സർക്കാർ ഫാമുകൾ, കേരള കാർഷിക സർവകലാശാല എന്നിവിടങ്ങളിൽ നിന്നുമുള്ള ഗുണമേൻമയുള്ള വിത്തുകളും കർഷകർക്ക് നൽകിവരുന്നു. |
| (ബി) | കെഎസ്എസ്ഡിഎ-യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | കെ.എസ്.എസ്.ഡി.എ. യുടെ പ്രവർത്തനങ്ങൾ കാർഷികോൽപ്പാദന കമ്മീഷണർ അദ്ധ്യക്ഷനായുള്ള ഗവേണിംഗ് ബോഡിയുടെ നേതൃത്വത്തിൽ മികച്ച രീതിയിൽ തന്നെയാണ് നടത്തി വരുന്നത്. സംസ്ഥാനത്ത് വിത്ത് ക്ഷാമം ഉണ്ടാകാതിരിക്കുന്നതിനും ഗുണമേന്മയുള്ള വിത്തിനങ്ങൾ സമയബന്ധിതമായി കർഷകർക്ക് വിതരണം ചെയ്യുന്നുണ്ടെന്ന് കെ.എസ്.എസ്.ഡി.എ ഉറപ്പ് വരുത്തുന്നു. വിത്തുകൾ വേണ്ടവിധം സംസ്ഥാനത്ത് ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ അംഗീകൃത ഏജൻസികളായ നാഷണൽ സീഡ്സ് കോർപ്പറേഷൻ, കർണ്ണാടക സംസ്ഥാന വിത്ത് കോർപ്പറേഷൻ, ആന്ധ്രാപ്രദേശ് സംസ്ഥാന വിത്ത് കോർപ്പറേഷൻ, സർക്കാർ ഫാമുകൾ, കേരള കാർഷിക സർവകലാശാല എന്നിവിടങ്ങളിൽ |

| | | | |
|---|---|---|---|
| | | | നിന്നുമുള്ള വിത്തുകൾ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള ഇടപെടലുകളും കെ.എസ്.എസ്.ഡി.എ നടത്തിവരുന്നു. |
| (സി) | ഹൈബ്രിഡ് വിത്തിനങ്ങൾ കർഷകർക്ക് സൗജന്യനിരക്കിൽ വിതരണം ചെയ്യാറുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ അത്യുൽപ്പാദന ശേഷിയുള്ള നെൽവിത്തിനങ്ങൾ സൗജന്യമായും കർഷകർക്ക് നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ